ഭരണഭാഷ-മാതൃഭാഷ

# കിടങ്ങൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ
## (ഹാജർ - ശ്രീ. രാജേഷ് ജി.)

..................................................................................................................................

നമ്പർ:3854168–2025 01-08-2026

..................................................................................................................................

**വിഷയം**: കിടങ്ങൂർ ഗ്രാമപഞ്ചായത്ത് - ദുരന്ത നിവാരണ പ്രവർത്തനങ്ങൾ - വെള്ളപ്പൊക്കം - ജീവനക്കാർക്ക് ക്യാമ്പ് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**പരാമർശം**: GO (Rt) No.248/2026/DMD dated 11/06/2026

## ഉത്തരവ്

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം കാലവർഷ - തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ-ദുരന്ത നിവാരണത്തിനുള്ള ഓറഞ്ച് പുസ്തകം-2026 പുറത്തിറക്കിയിട്ടുള്ളതാണ്. ആയതിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്ത് തല ഉദ്യോഗസ്ഥരെ മേൽ പരാമർശ മാർഗ്ഗരേഖയിൽ പറയുന്ന ജോലികൾ നിർവ്വഹിക്കുന്നതിനായി ചുമതലപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് വേണ്ടി മേൽ പറഞ്ഞ ഓറഞ്ച് ബുക്കിൽ നിർദ്ദേശിച്ചിട്ടുള്ള പേജ് നം.175 മുതൽ 202 വരെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കേരള പഞ്ചായത്ത് രാജ് ആക്ട് 184 പ്രകാരം സെക്രട്ടറിയ്ക്ക് വേണ്ടി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. ദുരന്തനിവാരണത്തിന്റെ മുഴുവന് മേൽനോട്ട ചുമതല - ശ്രീമതി.മിനിജ. പി. തോമസ്, അസിസ്റ്റന്റ് സെക്രട്ടറി
2. വാർറൂം പോർട്ടൽ അപ്ഡേഷൻ സർക്കാരിലേയ്ക്കും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, താലൂക്ക് തല ദുരന്തനിവാരണ സെല്, ബഹു.പ്രിൻസിപ്പൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ എന്നിവിടങ്ങളിലേയ്ക്കുള്ള റിപ്പോർട്ടുകൾ/ ഡേറ്റകൾ യഥാസമയം അപ്ലോഡ് ചെയ്യാന് ചുമതല - ശ്രീമതി. മിനിജ പി തോമസ്, അസിസ്റ്റന്റ് സെക്രട്ടറി
3. ക്യാമ്പ് ചാർജ് ഓഫീസർ - ശ്രീ.രാജ്മോഹൻ കെ.എസ്, സീനിയർ ക്ലർക്ക് ടിയാൻ കിടങ്ങൂർ വില്ലേജ് ഓഫീസറുമായി ബന്ധപ്പെട്ട് ക്യാമ്പിന്റെ ഏകോപന ചുമതല നിർവ്വഹിക്കേണ്ടതാണ്. ക്യാമ്പ് നടത്തിപ്പിനായി ബഹു.പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി, ബന്ധപ്പെട്ട വാർഡ് മെമ്പർമാർ എന്നിവർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ക്യാമ്പുകളിൽ ചെലവാകുന്ന തുകയുടെ ബില്ലുകൾ വില്ലേജ് ഓഫീസറുമായി ചേർന്ന് മോലൊപ്പ് വച്ച് തുക അനുവദിക്കുന്നതിനായി യഥാസമയം സെക്രട്ടറിയ്ക്ക്

സമർപ്പിക്കേണ്ടതാണ്. ക്യാമ്പ് നടത്തിപ്പിന്റെ ദൈനംദിന വിവരങ്ങൾ യഥാസമയം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

4. കൺട്രോൾ റൂം ഓഫീസർ -ശ്രീ.ജോർജ് വി.എ), ക്ലർക്ക് - ദുരന്തനിവാരണവുമായി ബന്ധപ്പെട്ട കൺട്രോൾ റൂമിന്റെ മേൽനോട്ട ചുമതല ടിയാൻ വഹിക്കേണ്ടതാണ്. കൺട്രോൾ റൂം ഔദ്യോഗിക നമ്പരായി സെക്രട്ടറിയുടെ സി.യു.ജി നമ്പരായ 9496044647 ഫോൺ ഉപയോഗിക്കേണ്ടതും ദുരന്ത നിവാരണ ക്യാമ്പ് പ്രവർത്തനത്തിനു ശേഷം ടി ഫോൺ തിരികെ സുരക്ഷിതമായി ഏൽപിക്കേണ്ടതുമാണ്.ഏത് അടിയന്തിരഘട്ടത്തിലും ഉണ്ടായേക്കാവുന്ന വിഷയങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

5. പഞ്ചായത്ത് ആംബുലൻസും പഞ്ചായത്ത് വക ജീപ്പും താഴെപ്പറയുന്ന ഡ്രൈവർമാരും വാഹനം സഹിതം ക്യാമ്പിൽ മുഴുവൻ സമയവും ഉണ്ടായിരിക്കേണ്ടതാണ്.പ്രശ്നബാധിത സ്ഥലങ്ങളിൽ നിന്ന് ദുരന്ത ബാധിതരെ ക്യാമ്പിലേയ്ക്ക് അടിയന്തിരമായി കൊണ്ടുവരേണ്ടതും പ്രത്യേക പരിഗണന ആവശ്യമുള്ളവരെ സി.എച്ച്.സി, മറ്റ് ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് എത്തിക്കേണ്ടതുമാണ്.

   ശ്രീ.അനീഷ്.കെ.രാജൻ-LDV ഡ്രൈവർ

   ശ്രീ.ആസാദ് മോഹൻ-ആംബുലൻസ് ഡ്രൈവർ (ദിവസ വേതനം)

   ശ്രീ രതീഷ് വിജയൻ, HKS ഡ്രൈവർ (ദിവസ വേതനം)

6. ദുരന്ത നിവാരണ രക്ഷാപ്രവർത്തനങ്ങൾ, ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയ്ക്കായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവാകുന്നു.
   1. ശ്രീമതി.മായ റ്റി.റ്റി,ക്ലർക്ക്
   2. ശ്രീമതി.സ്വാതി ചന്ദ്രൻ,ക്ലർക്ക്
   3. ശ്രീ അരുൺ മോഹന്,VG-G RAM G Overseer
   4. ശ്രീ അനീഷ് കെ രാജൻ, ഡ്രൈവർ
   5. ശ്രീ രതീഷ് വിജയൻ,HKS ഡ്രൈവർ
   6. ശ്രീ റോയി തോമസ്, Cleaning Staff

ടി ജീവനക്കാർ പ്രസിഡന്റിൻറെയും സെക്രട്ടറിയുടെയും ചാർജ് ഓഫീസറിന്റെയും നിർദ്ദേശാനുസരണം ക്യാമ്പിൻറെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് ഉടൻ തന്നെ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

സെക്രട്ടറി

SECRETARY
Kidangoor Grama Panchayat
Kidangoor P.O., Kottayam - 686 572

OFFICE OF THE KIDANGOOR GRAMA PANCHAYAT
KIDANGOOR P.O., KOTTAYAM-686572
KERALA, INDIA

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

ബഹു.പഞ്ചായത്ത് പ്രസിഡന്റ്

സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ